KSCEBCFC

Kerala State Commission for Economically Backward Classes among Forward Communities

# മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള കേരള സംസ്ഥാന കമ്മീഷൻ

# സാമൂഹ്യ സാമ്പത്തിക സർവ്വേ

# യൂസർ മാനുവൽ

**മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി**
**പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള**
**കേരള സംസ്ഥാന കമ്മീഷൻ**
റ്റി.സി.81/1377, മാഞ്ഞാലിക്കുളം റോഡ്,
തിരുവനന്തപുരം - 01
ഫോൺ - 0471 - 2325573
തീയതി : 29.11.2021



പ്രിയപ്പെട്ടവരെ,

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും വേണ്ടി ഒരു സാമൂഹ്യ സാമ്പത്തിക സർവ്വേ, കുടുംബശ്രീ മിഷൻ മുഖാന്തിരം നടത്തുവാൻ തിരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ എന്നിവകളിലെ എല്ലാ വാർഡുകളിലെയും സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന അഞ്ച് വീതം കുടുംബങ്ങളിൽ ആണ് ഈ സർവ്വേ നടത്തുവാൻ ഉദ്ദേശിക്കുന്നത്.

ഏതെങ്കിലും ക്ഷേമ പദ്ധതികൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുകയെന്നതല്ല സർവ്വേയുടെ ലക്ഷ്യം. സർവ്വേയുടെ ഭാഗവാക്കായി എന്ന കാരണത്താൽ ഏതെങ്കിലും ഒരു കുടുംബത്തിന് പ്രത്യേകിച്ച് ഒരാനുകൂല്യം ലഭിക്കുകയോ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം നഷ്ടപ്പെടുകയോ ചെയ്യുന്നില്ല എന്ന അടിസ്ഥാന വസ്തുത ഈ സർവ്വേയുടെ നടത്തിപ്പുകാരായ കുടുംബശ്രീ എന്യൂമറേറ്റർമാർ, സവ്വേയ്ക്കായി സെലക്ട് ചെയ്യപ്പെട്ട കുടുംബങ്ങളെ ബോധ്യപ്പെടുത്തുന്നത് ഉചിതമാകും. ഫീൽഡ് ലെവൽ പ്രവർത്തകരായ എന്യൂമറേറ്റർമാരുടെ സേവനം വളരെ വിലപ്പെട്ടതാണെന്ന് കമ്മീഷൻ തിരിച്ചറിയുന്നു. നിങ്ങൾ ശേഖരിക്കുന്ന വിവരങ്ങളിലെ സൂക്ഷ്മതയും കൃത്യതയുമാണ് ഈ സർവ്വേയുടെ വിജയം. വിവരദായകനോട് ചോദിക്കുന്ന ഓരോ ചോദ്യങ്ങൾ സംബന്ധിച്ചും യൂസർ മാനുവൽ സംബന്ധിച്ചും സംശയങ്ങൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിൽ ഞങ്ങൾ സദാ ജാകരൂകരായിരിക്കും. ഈ സർവ്വേയുടെ പരിപൂർണ വിജയത്തിൽ കുടുംബശ്രീ പ്രവർത്തകരായ നിങ്ങളുടെ ആത്മാർത്ഥമായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നതോടൊപ്പം എല്ലാ വിജയാശംസകളും നേരുന്നു.

ആത്മാർത്ഥതയോടെ

**ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ**

ചെയർമാൻ, (KSCEBCFC)

# സാമൂഹ്യ - സാമ്പത്തിക സർവ്വേ – അടിസ്ഥാന വസ്തുതകൾ

മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായുള്ള കേരള സംസ്ഥാന ആക്ട് (2016 ലെ 2-ആം ആക്ട്) പ്രകാരം പ്രാബല്യത്തിൽ വന്ന കമ്മീഷൻറെ ചുമതലകളിൽ, പ്രസ്തുത വിഭാഗക്കാരുടെ (സംവരണേതര വിഭാഗം) പ്രശ്നങ്ങൾ പഠിക്കുകയും, അപഗ്രഥിക്കുകയും ചെയ്യുക, അവരുടെ സാമ്പത്തികവും, സാമൂഹികവും, വിദ്യാഭ്യാസപരവുമായ പുരോഗതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സംബന്ധിച്ച് പഠനം, ഗവേഷണം, വിശകലനം എന്നിവ നടത്തുക, സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ വികസനത്തിലുണ്ടായ പുരോഗതി വിലയിരുത്തി ക്ഷേമകാര്യങ്ങൾ ശിപാർശ ചെയ്യുക തുടങ്ങിയ കാര്യങ്ങൾ ഉൾപ്പെടുന്നു. ഏതു വിഷയത്തെക്കുറിച്ചും പഠിക്കുന്നതിനും ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിനും ആധികാരികമായ വിവരം (data) അത്യന്താപേക്ഷിതമാണ്. ഈ പ്രക്രിയയുടെ ആദ്യ പടിയായി അവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് വിപുലമായ വിവരശേഖരണം നടത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ പ്രസ്തുത ആക്ടിലെ ചട്ടം 9, ബി മുതൽ എച്ച് വരെയുള്ള ഉപ ചട്ടങ്ങളുടെ പ്രതിപൂരണത്തിനായി ഒരു സാമൂഹ്യ-സാമ്പത്തിക സർവ്വേ, കമ്മീഷൻ വിഭാവനം ചെയ്യുകയുണ്ടായി.

2. ഈ സർവ്വേ നടത്തുന്നതിനുള്ള ചോദ്യാവലി വിദഗ്ധരുമായി വിശദമായ ചർച്ചകൾ നടത്തിയ ശേഷമാണ് കമ്മിഷൻ തയാറാക്കിയത്. കേരളത്തിലെ ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ എന്നിവയിൽ ഉൾപ്പെടുന്ന എല്ലാ വാർഡുകളിലേയും സാമ്പത്തികമായി ഏറ്റവും ബുദ്ധിമുട്ടനുഭവിക്കുന്ന അഞ്ചു വീതം കുടുംബങ്ങളെ കണ്ടെത്തി അവരിൽ നിന്നും വിവരശേഖരണം നടത്തുന്ന തരത്തിലാണ് നിർദ്ദിഷ്ട സർവ്വേ വിഭാവനം ചെയ്തിട്ടുള്ളത്. കൂടുതൽ കുടുംബങ്ങളെ ഇതിനായി സമീപിക്കേണ്ടതുണ്ടോ എന്ന കാര്യവും സജീവമായി ചർച്ച ചെയ്തിരുന്നുവെങ്കിലും, സർവ്വേ നടത്തുന്നത് വളരെ ചെലവ് വരുത്തുന്ന കാര്യമാണെന്നത് പരിഗണിച്ചും പ്രാതിനിധ്യ സ്വഭാവത്തിന് ഒരേ വാർഡിൽ നിന്നും അഞ്ചു വീതം കുടുംബങ്ങളിൽ നിന്നും വിവരശേഖരണം നടത്തിയാൽ മതിയാകുമെന്ന സാമൂഹ്യശാസ്ത്ര വിദഗ്ധരുടെ അഭിപ്രായം കണക്കിലെടുത്തുമാണ് ഒരു വാർഡിൽ നിന്നും അഞ്ചു കുടുംബങ്ങളെ പരിഗണിച്ചാൽ മതിയാകുമെന്ന അന്തിമ തീരുമാനത്തിൽ എത്തിച്ചേർന്നത്. സാമ്പത്തികമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന വിഭാഗക്കാരുടെ പ്രശ്നങ്ങൾ എല്ലായിടത്തും ഒരുപോലെയായതിനാൽ കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള വാർഡുകളിൽ നിന്നും ഒരു ലക്ഷത്തോളം കുടുംബങ്ങളുടെ വിവരശേഖരണം നടത്തുകവഴി അവരുടെ പ്രശ്നങ്ങളെ സംബന്ധിച്ച പഠനം നടത്തുവാനാവശ്യമായ വിവരങ്ങൾ ലഭിക്കുന്നതാണ്. കുടുംബങ്ങളുടെ വിദ്യാഭ്യാസ നിലവാരം, തൊഴിൽ, വരുമാനം എന്നീ

ഘടകങ്ങളുമായി ബന്ധപ്പെട്ട വിവരങ്ങളാണ് ശേഖരിക്കുന്നത്. പരിശീലനം ലഭിച്ച കുടുംബശ്രീ പ്രവർത്തകരാണ് മൊബൈൽ ആപ്പ് വഴി വിവരശേഖരണം നടത്തുന്നത്. തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങളുടെ വീടുകൾ സന്ദർശിച്ച് അവരുടെ പരിപൂർണ്ണ സമ്മതത്തോടെ വിവരങ്ങൾ മൊബൈൽ ആപ്പിൽ ശേഖരിക്കുകയും ആയത് യഥാസമയം State Data Centre - ലേയ്ക്ക് കൈമാറുകയും ചെയ്യും. ഈ വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത ശേഷം സർക്കാരിന് സമഗ്രമായ റിപ്പോർട്ട് കമ്മീഷൻ കൈമാറും.

**3 നിർദിഷ്ട സാമൂഹ്യ-സാമ്പത്തിക സർവ്വേയ്ക്കായി കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയയും മാനദണ്ഡങ്ങളും ചുവടെ ചേർക്കുന്നു;**

സർവ്വേ നടത്തുന്നതിന് മുന്നോടിയായി ഓരോ വാർഡിലും സംവരണേതര വിഭാഗത്തിൽപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (ഏറ്റവും ദുരിതം അനുഭവിക്കുന്ന) അഞ്ച് കുടുംബങ്ങളെ വീതം കണ്ടെത്തണം. ഓരോ വാർഡിലേയും വാർഡ് മെമ്പർ/കൗൺസിലർ, വില്ലേജ് ഓഫീസർ, കുടുംബശ്രീ എ.ഡി.എസ്. ചെയർപേഴ്സൺ എന്നിവർ ചേർന്ന കമ്മിറ്റി സംവരണേതര വിഭാഗത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5 കുടുംബങ്ങളെ തീരുമാനിച്ച് ലിസ്റ്റ് ചെയ്ത് കുടുംബശ്രീ എന്യൂമറേറ്റർക്ക് നൽകണം. ഇപ്രകാരം ലിസ്റ്റ് തയ്യാറാക്കുന്ന യോഗത്തിന്റെ മിനിറ്റ്സ് തയ്യാറാക്കി ബന്ധപ്പെട്ട എ.ഡി.എസ്സിൽ സൂക്ഷിക്കേണ്ടതാണ്. കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നതിന് ഇനിപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.

i) സംവരണത്തിന്റെ യാതൊരു ആനുകൂല്യവും ലഭിക്കാത്ത വിഭാഗത്തിലെ അംഗമായിരിക്കണം. (SC/ST, OBC ഒഴികെയുള്ളവർ)

ii) സാമ്പത്തികമായി പിന്നാക്കാവസ്ഥയിലായിരിക്കണം.

iii) ഇനിപ്പറയുന്ന ഒന്നോ അതിലധികമോ സവിശേഷതകൾ ഉള്ള വിഭാഗത്തിൽ നിന്നുള്ള ആളുകളെ ഉൾപ്പെടുത്തുന്നതിന് മുൻഗണന നൽകണം:

a) മഞ്ഞ റേഷൻ കാർഡ് അല്ലെങ്കിൽ AAY യിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങൾ;

b) ഗുരുതരമായ രോഗങ്ങളാൽ ബുദ്ധിമുട്ടുന്ന അല്ലെങ്കിൽ കിടപ്പിലായവരുള്ള കുടുംബങ്ങൾ;

c) കടുത്ത ശാരീരികമോ മാനസികമോ ആയ വൈകല്യമുള്ള കുടുംബങ്ങൾ;

d) സ്ഥിരമായ ജോലിയോ വരുമാനമോ ഇല്ലാത്ത കുടുംബങ്ങൾ;

e) കുറഞ്ഞ വിദ്യാഭ്യാസ നിലവാരമുള്ള കുടുംബങ്ങൾ; ദാരിദ്ര്യം കാരണം പഠനം മുടങ്ങിയവർ;

f) മോശം ജീവിത സാഹചര്യങ്ങളിലോ താൽകാലിക വാസസ്ഥലങ്ങളിലോ ഷെഡ്ഡുകളിലോ താമസിക്കുന്ന കുടുംബങ്ങൾ

4) സർക്കാർ അംഗീകരിച്ച 164 വിഭാഗങ്ങളിലുള്ള കുടുംബങ്ങളെയാണ് സർവ്വേ ചെയ്യേണ്ടത്. കണക്കെടുപ്പിൽ അവരുടെ ആനുപാതിക പ്രാതിനിധ്യം ഉറപ്പാക്കണം. ഒന്നോ രണ്ടോ സമുദായങ്ങൾ മാത്രം സർവ്വേയിൽ ഉൾപ്പെടുന്നത് അഭികാമ്യമല്ല. അതിനാൽ, തദ്ദേശ സ്വയംഭരണ തലത്തിൽ തന്നെ, കുടുംബങ്ങളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കുന്ന സമയത്ത് നിലവിലുള്ള വിഭാഗങ്ങളുടെ ആനുപാതികമായ കവറേജ് ഉറപ്പാക്കണം. തദ്ദേശഭരണ കമ്മിറ്റി അംഗങ്ങൾ, സി.ഡി.എസ്.ചെയർപേഴ്സൺ, വില്ലേജ് ഓഫീസർമാർ എന്നിവർ ഒരുമിച്ച് ഇരുന്ന് കൂട്ടായി പ്രസ്തുത തീരുമാനം കൈക്കൊള്ളേണ്ടതാണ്. 164 വിഭാഗങ്ങൾ ഏതൊക്കെയാണെന്നത് സംബന്ധിച്ച വിശദാംശങ്ങൾ 03.06.2021-ലെ സ:ഉ:(എം.എസ്) 114/21/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇത് കമ്മീഷൻ വെബ് സൈറ്റിൽ (www.kscebcfc.kerala.gov.in) ലഭ്യമാണ്.

5) ചില വാർഡുകളിൽ സംവരണേതര വിഭാഗത്തിൽ നിന്ന് ആരുമില്ലാതിരിക്കാനും സാധ്യതയുണ്ട്. അങ്ങനെയെങ്കിൽ, സർവ്വേ ചെയ്യപ്പെടേണ്ട മൊത്തം കുടുംബങ്ങളുടെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നിശ്ചയിക്കുകയും സംവരണേതര കമ്മ്യൂണിറ്റികൾ ഉള്ള മറ്റ് വാർഡുകൾക്കിടയിൽ പുനർവിന്യാസം (redistribute) ചെയ്യുകയും വേണം. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലാണ് ചെയ്യേണ്ടത്. ഇപ്രകാരം ഓരോ വാർഡിലും തദ്ദേശ സ്വയംഭരണ സ്ഥാപനം തയ്യാറാക്കുന്ന ലിസ്റ്റ് പ്രകാരമുള്ള അഞ്ച് കുടുംബങ്ങളിൽ നിന്നാണ് കുടുംബശ്രീ എന്യൂമറേറ്റർ വിവരശേഖരണം നടത്തേണ്ടത്. ഉദാഹരണമായി, 20 വാർഡുകളുള്ള ഒരു പഞ്ചായത്തിൽ ഓരോ വാർഡിലും അഞ്ച് കുടുംബങ്ങൾ വീതം ആകെ 100 കുടുംബങ്ങളുടെ ലിസ്റ്റുണ്ടാകും. എന്നാൽ 3 വാർഡുകളിൽ അനുയോജ്യമായ കുടുംബങ്ങളില്ലെങ്കിൽ ബാക്കിയുള്ള 17 വാർഡുകളിൽ നിന്നും ആറു വീതം കുടുംബങ്ങളെ തെരഞ്ഞെടുക്കേണ്ടി വരും. 5 കുടുംബങ്ങളുടെ ലിസ്റ്റ് മാത്രമാണ് തയ്യാറാക്കുന്നതെങ്കിൽ redistribution ആവശ്യമായി വരുന്ന അവസരത്തിൽ വീണ്ടും കുടുംബങ്ങളെ കണ്ടെത്തേണ്ടി വരുന്നത് കാലതാമസത്തിനിടയാക്കുമെന്നതിനാൽ എല്ലാ വാർഡിൽ നിന്നും ആദ്യമേ തന്നെ 8 കുടുംബങ്ങളുടെയെങ്കിലും ലിസ്റ്റ് തയ്യാറാക്കുകയും അതിൽ ആദ്യത്തെ 5 കുടുംബങ്ങളുടെ വിവരം ശേഖരിക്കുന്നതുമായിരിക്കും ഉചിതം. ലിസ്റ്റിൽ ആദ്യത്തെ അഞ്ചിൽ ഉൾപ്പെട്ട ഏതെങ്കിലും കുടുംബങ്ങൾ വിവരശേഖരണത്തിന് വിമുഖത പ്രകടിപ്പിക്കുകയാണെങ്കിൽ മുൻഗണന ക്രമമനുസരിച്ച് പ്രസ്തുത ലിസ്റ്റിലെ മറ്റു കുടുംബങ്ങളിൽ നിന്നും വിവരം ശേഖരിക്കാവുന്നതാണ്.

## സർവ്വേ നടത്തുമ്പോൾ പ്രധാനമായും ശ്രദ്ധിക്കേണ്ട വസ്തുതകൾ

i. ഗൃഹനാഥനെ/നാഥയെ കാര്യങ്ങൾ പറഞ്ഞു മനസിലാക്കിയ ശേഷം കുടുംബാംഗങ്ങളുടെ പരിപൂർണ്ണ സമ്മതത്തോടെയും സഹകരണത്തോടെയും മാത്രമേ ചോദ്യങ്ങൾ ചോദിച്ച് വിവരങ്ങൾ രേഖപ്പെടുത്താവൂ. ഏതെങ്കിലും വിധത്തിലുള്ള സമ്മർദ്ദം ഇക്കാര്യത്തിൽ ചെലുത്താവുന്നതല്ല. ഏതെങ്കിലും വിധത്തിലുള്ള വിമുഖത വീട്ടുകാരുടെ ഭാഗത്തു നിന്നും ഇക്കാര്യത്തിൽ അനുഭവപ്പെടുന്ന പക്ഷം അവരെ ഒഴിവാക്കി പകരം മറ്റൊരു വീട്ടിൽ പോവുകയായിരിക്കും ഉചിതം.

ii. ചോദ്യാവലിയിലെ ആദ്യ ഭാഗം കുടുംബത്തെ സംബന്ധിച്ചും, രണ്ടാം ഭാഗം ഓരോ കുടുംബാംഗത്തെ സംബന്ധിച്ചുള്ളതുമാണ്.

iii. ചിലർ ബഹു ഭൂരിപക്ഷം ചോദ്യങ്ങൾക്കും ഉത്തരം നൽകിയാലും ചില പ്രത്യേക ചോദ്യങ്ങൾക്ക് മാത്രം മറുപടി പറയാൻ വിമുഖത കാണിച്ചു എന്നു വരാം. അങ്ങനെയെങ്കിൽ ആ ചോദ്യത്തിനുള്ള മറുപടിക്കായി അവരെ നിർബന്ധിക്കേണ്ടതില്ല; നക്ഷത്ര ചിഹ്നമുള്ള ചോദ്യങ്ങൾക്ക് നിർബന്ധമായും ഉത്തരം രേഖപ്പെടുത്തേണ്ടതാണ്.

iv. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങളുടെ വൈഷമ്യങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടിയുള്ള വിവര ശേഖരണമാണ് നടക്കുന്നതെന്നും ചോദ്യാവലിയിൽ ഉൾപ്പെട്ടതുകൊണ്ടു മാത്രം പ്രത്യേകമായി ഒരു ആനുകൂല്യവും ലഭിക്കുകയില്ലെന്നും കുടുംബത്തെ മുൻകൂട്ടി പറഞ്ഞ് ബോധ്യപ്പെടുത്തേണ്ടതാണ്.

v. കുടുംബത്തിന്റെയും വ്യക്തികളുടെയും പൊതുവിവരങ്ങളിൽ നിർബന്ധമായും പൂരിപ്പിക്കേണ്ട വിവരങ്ങൾ '*' ചിഹ്നത്തോടു കൂടിയവയാണ്. ആയത് പൂരിപ്പിക്കാതെ അടുത്ത പേജിലേയ്ക്ക് പോകുവാൻ സാധിക്കുന്നതല്ല.

# സോഫ്റ്റ് വെയർ ഉപയോഗിക്കുന്ന വിധം

## സോഫ്ട്‌വെയർ ഉപയോഗിക്കുന്ന വിധം

**Login**

**KSCEBCFC** സോഷ്യോ എക്കണോമിക് സർവ്വേ ആരംഭിക്കുത് Login എന്ന പേജിലൂടെ ആണ്. ഇവിടെ username, password എന്ന രണ്ട് ഫീൽഡുകൾ കാണാവുതാണ്. ഈ ഫീൽഡുകളിൽ തന്നിരിക്കുന്ന user ID ഉം password ഉം ഉപയോഗിച്ച് Login ചെയ്യാവുതാണ്.




**Main Menu**

**Families**


കുടുംബത്തിന്റെയും കുടുംബാംഗങ്ങളുടെയും സർവേ എടുക്കുന്നതിനുള്ള ബ്ലോക്ക് ആണിത്.

**Messeges**

സന്ദേശങ്ങളും അറിയിപ്പുകളും ഇതുവഴി കാണാൻ സാധിക്കും.

**Support**

പ്രൊമോട്ടർക്ക് സർവേയുമായിട്ടുള്ള സംശയ നിവാരണത്തിനും  സഹായങ്ങൾക്കും ഈ ബ്ലോക്ക് വഴി സഹായം ലഭിക്കും



## Family

കുടുംബത്തിന്റെ സർവേ എടുക്കുന്നതിനായി Familes എന്ന ബ്ലോക്കിൽ ക്ലിക്ക് ചെയ്യുക. പുതിയ കുടുംബത്തെ ചേർക്കുവാനായി + ബട്ടണിൽ ക്ലിക്ക് ചെയ്യുക.







## Familes Edit

കുടുംബത്തിന്റെയോ കുടുംബങ്ങളുടെയോ വിവരങ്ങൾ എഡിറ്റ് ചെയ്യുവാനായി കാണിച്ചിരിക്കുന്നത് List My Familes സെർച്ച് ചെയ്ത് കുടുംബത്തെ തെരഞ്ഞെടുക്കാവുന്നതാണ്. അതിൽ നിന്നും എഡിറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്ന കുടുംബത്തിന്റെയോ അംഗങ്ങളുടെയോ വിവരങ്ങൾ എഡിറ്റ് ചെയ്യാൻ സാധിക്കും.

## Draft

കുടുംബത്തിന്റെ വിവരങ്ങൾ ശേഖരിച്ച് സേവ് ചെയ്ത് വെക്കുന്ന സ്ഥലമാണ് ഡ്രാഫ്റ്റ്. ഡ്രാഫ്റ്റിൽ നിന്ന് വിവരങ്ങൾ 'edit' ചെയ്യാനും 'submit' ചെയ്യാനും സാധിക്കുന്നതാണ്. ഡ്രാഫ്റ്റിൽ നിന്ന് 'submit' ചെയ്തു കഴിഞ്ഞാൽ ഡ്രാഫ്റ്റിൽ നിന്ന് ഡിലീറ്റ് ആകുന്നതാണ്.

Note:- ഡ്രാഫ്റ്റിലെ ഡേറ്റാ 'submit' ചെയ്യുവാനായി ഇന്റർനെറ്റ് കണക്ഷൻ ആവശ്യമാണ്

## Message

KSCEBCFC നിന്ന് അയക്കുന്ന മെസ്സേജുകളും അറിയിപ്പുകളും ഉത്തരവുകളും ഇതിൽ ലഭിക്കുന്നതാണ്.





## Support

Support - നുള്ളിൽ Mobile application ന്റെ User Manual, ബന്ധപ്പെടേണ്ട നമ്പറും ലഭ്യമാണ്.

1. User Manual:- യൂസർ മാനുലിനുള്ളിൽ സോഷ്യോ ഇക്കണോമിക് ഡിജിറ്റൽ സർവ്വേയുടെ ആപ്ലിക്കേഷൻ എങ്ങനെ ഉപയോഗിക്കാം എന്നുള്ള സോഫ്റ്റ്കോപ്പി ലഭ്യമാണ്.
2. Contact us :- Contact us -ൽ ബന്ധപ്പെടേണ്ട നമ്പർ ഉണ്ടാക്കും. ഇതിൽ നിന്ന് സഹായത്തിന് വേണ്ടി കോൾ ചെയ്യാൻ സാധിക്കുന്നതാണ്.

## Type of Questions

### Yes or No Question





Yes or No Question ന്റെ ഉത്തരം ചോദ്യത്തിന് അനുസൃതമായി ഉണ്ടെങ്കിൽ 'ഉണ്ട്' എന്നും ഇല്ലെങ്കിൽ 'ഇല്ല' എന്നും രേഖപ്പെടുത്തേണ്ടതാണ്.

### Selection :-




Selection type Question -ആണെങ്കിൽ അവയുടെ ഉത്തരം ഓപ്ഷനുകളിൽ നിന്ന് തിരഞ്ഞെടുക്കേണ്ടതാണ്.

### Multi Select




ഒരു ചോദ്യത്തിന് പല ഉത്തരങ്ങൾ ലഭിക്കുന്ന തരത്തിലുള്ള ചോദ്യങ്ങൾ ആണ് ഇവ. അനുയോജ്യമായ ഉത്തരങ്ങൾ ഓപ്ഷനുകളിൽ നിന്ന് സെലക്ട് ചെയ്യുക.

## ചോദ്യാവലി

### I. കുടുംബത്തിന്റെ പൊതു വിവരണം

| ക്രമ നം. | ചോദ്യം നം. | വിശദീകരണം |
|---|---|---|
| 1 | 1.1, 1.2, 1.3, 1.4, 1.8, 1.9, 1.11, 1.12, 1.13, 1.14, 1.22, 1.23, 1.33, 1.36, 1.39, 1.40, 1.41, 1.42 | Selection type **ചോദ്യങ്ങൾ ആണ് ഇവ. ഇതിൽ** click **ചെയ്യുമ്പോൾ കാണുന്ന ഓപ്ഷനിൽ അനുയോജ്യമായവ തെരഞ്ഞെടുക്കുക.** |
| 2 | 1.4.1, 1.5, 1.6, 1.7, 1.10, 1.15, 1.16, 1.17, 1.18, 1.19, 1.21, 1.24, 1.25, 1.26, 1.27, 1.34, 1.35, 1.44, | **ഈ ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ ടൈപ്പ് ചെയ്ത് ചേർക്കണം.** |
| 3 | 1.20, 1.28, 1.31, 1.32, 1.38, 1.43, 1.45, 1.46 | Yes or No **ചോദ്യങ്ങളായതിനാൽ യോജിച്ചവ തെരഞ്ഞെടുത്ത് മുന്നോട്ട് പോകാം.** |
| 4 | 1.22, 1.23, 1.42 എന്നീ ചോദ്യങ്ങൾക്ക് | **ഒന്നിൽ കൂടുതൽ** options **സെലക്ട് ചെയ്യാവുന്നതാണ്.** |
| 5 | 1.8 ഫാമിലി സിസ്റ്റം | • സിംഗിൾ-ഒരംഗം മാത്രമുള്ളത്<br>• അണുകുടുംബം – അച്ഛൻ, അമ്മ, മക്കൾ എന്നിവർ അടങ്ങിയത്.<br>• കൂട്ടുകുടുംബം – അണു കുടുംബത്തിലെ അംഗങ്ങൾക്ക് പുറമേ മുത്തച്ഛനും മുത്തശ്ശിയും അവരുടെ മക്കളും അടങ്ങിയത്.<br>• എക്സ്റ്റൻഡ് - കൂട്ടു കുടുംബത്തിലെ അംഗങ്ങൾക്കു പുറമേ മറ്റ് അടുത്ത ബന്ധുക്കളും അടങ്ങിയത്. |

| | | |
|---|---|---|
| 6 | 1.12 ഗൃഹനാഥന്റെയോ ഗൃഹനാഥയുടെയോ ഉദ്യോഗം (ഏതാണോ വലുത് അത്) | a. Professionals:- ഡോക്ടർമാർ , ,ബാങ്ക് ജോലി ,എൻജിനിയർമാർ ചാർട്ടേർഡ് അക്കൗണ്ടന്റ് മുതലായവ<br>b. Technicians & Associate professionals:- Event management, Business associates, Insurance, Brokers, Sales representatives etc.<br>c. Skilled workers:- Driver, Plumber, electricians, Painter, Cooks, Craftsman etc. |
| 7 | 1.13 ഗൃഹനാഥൻ/ ഗൃഹനാഥയുടെ വിദ്യാഭ്യാസ യോഗ്യത (വിഭ്യാഭ്യാസ യോഗ്യത ആർക്കാണോ കൂടുതൽ അത്) | a) Professionals and honors:- മെഡിക്കൽ ,എൻജിനീയറിങ്ങ്/ ,നിയമ ബിരുദധാരികൾ Management(MBA/BBA) ബിരുദം, Lab/ITI യോഗ്യതയുള്ളവർ<br>b) Graduate:- BA/BSC/B.com മറ്റ് സമാന യോഗ്യതയുള്ളവർ<br>c) Intermediate:- Plus 2, VHSE തുടങ്ങിയവ<br>d) High School:- SSLC<br>e) Primary School Certificate നാലാം ക്ലാസ് പാസ്സായവർ, SSLC failed തുടങ്ങിയവർ. |
| 8 | 1.15:- മുൻ വർഷങ്ങളിലെ കുടുംബത്തിന്റെ മൊത്തം വാർഷിക വരുമാനം | ഈ വിവരം അറിയില്ലയെങ്കിൽ മാസവരുമാനം ചോദിച്ചറിയുക. ആയതിനെ 12 കൊണ്ടു ഗുണിച്ച് വാർഷിക വരുമാനമാക്കി രേഖപ്പെടുത്തുക. |

| | | |
|---|---|---|
| 9 | 1.18:- കുടുംബത്തിലെ ഭിന്നശേഷിക്കാരുടെ ആരോഗ്യപരിപാലനത്തിന് ഒരു വർഷം ശരാശരി ചെലവാകുന്ന തുക.<br><br>1.19:- കുടുംബ ആരോഗ്യ പരിപാലനത്തിന് ഒരു വർഷം ശരാശരി ചെലവാകുന്ന തുക. | കൃത്യമായ തുക ലഭിക്കുന്നില്ലായെങ്കിൽ പരിശോധനയ്ക്ക് വിധേയമാകുന്ന ആശുപത്രിയുടെ വിവരങ്ങൾ ആഴ്ചയിൽ/മാസത്തിൽ നടത്തേണ്ടിവരുന്ന ആശുപത്രി സന്ദർശനം, മരുന്നുകൾക്ക് ചെലവാകുന്ന തുക, കിടത്തി ചികിത്സ സംബന്ധിച്ച വിവരങ്ങൾ എന്നിവ ആരാഞ്ഞതിനു ശേഷം തുക കണക്കാക്കി രേഖപ്പെടുത്തുക. |
| 10 | 1.31 കുടുംബത്തിൽ മിശ്രവിവാഹം ചെയ്തിട്ടുള്ളവരുടെ വിവരങ്ങൾ. | ആചാരപരമായി വിവാഹം കഴിക്കാത്ത രണ്ട് സമുദായങ്ങളിലോ ജാതികളിലോ ഉൾപ്പെട്ടവർ തമ്മിലുള്ള വിവാഹങ്ങളെ മിശ്രവിവാഹമായി കണക്കാക്കാം.<br><br>നമ്പൂതിരി - നായർ കല്യാണങ്ങൾ പോലുള്ളവ ഈ ഗണത്തിൽ പെടില്ല. |
| 11 | 1.32 intercultural marriages സംബന്ധിച്ച വിവരങ്ങൾ? | രണ്ട് സംസ്ഥാനങ്ങൾ, രണ്ട് രാജ്യങ്ങൾ, രണ്ട് ഗോത്രങ്ങൾ, രണ്ട് മത വിഭാഗങ്ങൾ, എന്നിവയിൽ ഉൾപ്പെട്ടവർ തമ്മിലുള്ള വിവാഹം. |
| 12 | 1.34 :- വീടിന്റെ മൊത്തം നിർമ്മിത വിസ്തീർണ്ണം. | വിടിന്റെ വിസ്തീർണ്ണം ചതുരശ്ര അടിയിൽ (sq. feet) രേഖപ്പെടുത്തണം. |
| 13 | 1.35 വീട് നിൽക്കുന്ന സ്ഥലത്തിന്റെ മൊത്തം വിസ്തീർണ്ണം. | സ്ഥലത്തിന്റെ വിസ്തീർണ്ണം സെന്റിൽ രേഖപ്പെടുത്തണം. |

## II) അംഗങ്ങളുടെ വിവരങ്ങൾ

| ക്രമ നം | ചോദ്യം നമ്പർ | വിശദീകരണം |
|---|---|---|
| 1 | 2.3.1, 2.5, 2.6, 2.8, 2.10, 2.11 2.18, 2.19, 2.20, 2.25 | ഇവ 'selection type' ചോദ്യങ്ങളാണ്. Click ചെയ്യുമ്പോൾ കാണുന്ന അനുയോജ്യമായ option തെരഞ്ഞെടുക്കുക. |
| 2 | 2.1, 2.2, 2.4, 2.9, 2.9.1, 2.21, 2.24.1 | ഇവയ്ക്കുള്ള വിവരങ്ങൾ type ചെയ്ത് ചേർക്കണം. |
| 3 | 2.3, 2.7, 2.12, 2.13, 2.14, 2.15, 2.16, 2.17, 2.22, 2.23, 2.24 | ഉണ്ട് എന്നാണ് ഉത്തരമെങ്കിൽ yes-ഉം ഇല്ലായെങ്കിൽ No-ഉം select ചെയ്യുക |
| 4 | 2.9 ജാതി | സർക്കാർ ലിസ്റ്റിലുള്ള പേര് അതേപോലെ ചേർക്കണം. ലിസ്റ്റിൽ ഉൾപ്പെടാത്ത സംവരണേതര വിഭാഗക്കാർ ഉണ്ടങ്കിൽ അവരെയും ചേർക്കാവുന്നതാണ്. |
| 5 | 2.23 ആശ്രിതൻ | പങ്കാളി, മാതാപിതാക്കൾ,മുത്തച്ഛൻ/മുത്തശ്ശി അവിവാഹിതരായവരും ജോലിയില്ലാത്തവരുമായ സഹോദരങ്ങൾ. |
| 6 | 2.25; ആരോഗ്യാവസ്ഥ | ഒന്നിൽ കൂടുതൽ ഓപ്ഷൻസ് select ചെയ്യാവുന്നതാണ്. |